"ഭരണഭാഷ-മാതൃഭാഷ"

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം
(ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് &
എഞ്ചിനീയറിംഗ് വിംഗ്)
സ്വരാജ് ഭവൻ, അഞ്ചാംനില
നന്തൻകോട്, കവടിയാർ പി ഒ
തിരുവനന്തപുരം-03

Phone: 0471-2324951
0471-2325071
Tele Fax: 0471-2324951
e-mail: celsgd@gmail.com
Website: www.celsgd.kerala.gov.in

നം. DB3/6512(C)/2013/CE/LSGD

തീയതി:24.03.2022

## സർക്കുലർ

വിഷയം:- തസ്വഭവ (LID&EW) — തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ e-mbook ഉൾപ്പെടുന്ന PRICE 3 നടപ്പാക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1) GO(Rt)No.222/2021/LSGD, dated 27.01.2021.
2) 08.12.2021ലെ ഇതേ നമ്പർ സർക്കുലർ.

തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ പദ്ധതി പ്രവൃത്തികൾ വേഗത്തിലാക്കുന്നതിനും വകുപ്പിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അതോടൊപ്പം സുതാര്യത ഉറപ്പുവരുത്തുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിൽ e-measurement book, RE, e-Bill എന്നിവ ഉൾപ്പെടുന്ന PRICE 3 നടപ്പിലാക്കുന്നതിനുള്ള അനുമതി സൂചന(1) പ്രകാരം സർക്കാർ നൽകിയിരുന്നു. 2022 ജനുവരി ഒന്ന് മുതൽ PRICE 3 നടപ്പിലാക്കുന്നതായി സൂചന(2) സർക്കുലർ പ്രകാരം അറിയിച്ചിരുന്നു. എന്നാൽ ഈ വകുപ്പിലെ എഞ്ചിനീയർമാരുടെ അഭ്യർത്ഥന പരിഗണിച്ച് പുതിയ സാമ്പത്തിക വർഷം (01.04.2022) മുതൽ PRICE 3 നടപ്പിലാക്കിയാൽ മതി എന്ന് തീരുമാനിക്കുകയും 01.04.2022 മുതൽ നടപ്പിലാക്കുന്നതുമാണ്. 31.03.2022 5.00pm-ന് നിലവിലെ PRICE 1 നിർത്തലാക്കുന്നതും, എന്നാൽ 2022 ഏപ്രിൽ 1-ന് മുൻപായി PRICE 1 —ലൂടെ ആരംഭിച്ച പ്രവൃത്തികളുടെ സാങ്കേതികാനുമതി ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനായി PRICE 1-ന്റെ സേവനം 01.04.2022 മുതൽ ഒരു മാസത്തേയ്ക്കു കൂടി ലഭ്യമാക്കുന്നതുമായിരിക്കും. ആയതിൽ 01.04.2022 മുതൽ പുതിയ എസ്റ്റിമേറ്റ് Create ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കുന്നതല്ല. PRICE 1-ലുള്ള എസ്റ്റിമേറ്റുകളുടെ സാങ്കേതികാനുമതി 2022 ഏപ്രിൽ 30-നകം നൽകേണ്ടതാണ്.

2022 ഏപ്രിൽ ഒന്നുമുതൽ PRICE 3-ലൂടെ മാത്രമേ പുതിയ എസ്റ്റിമേറ്റുകൾ തയ്യാറാക്കുവാൻ കഴിയുകയുള്ളൂ. PRICE 3-ലൂടെ create ചെയ്യപ്പെടുന്ന പ്രവൃത്തികൾക്ക് മാത്രമേ e-measurement book, RE, e-Bill മുതലായ സൗകര്യങ്ങൾ ലഭ്യമാകുകയുള്ളൂ.

ചീഫ് എഞ്ചിനീയർ